LIBRARY ARCHIVES Kerala Legislative Assembly

സിവിൽ എഞ്ചിനീയറിംഗ് ലക്ചറർമാരുടെ നിയമനം

135 [T5117] ശ്രീ. സി. മോയിൻകുട്ടി:
„ സി. മമ്മൂട്ടി:
„ വി.കെ. ഇബ്രാഹിം കുഞ്ഞ്:
„ ടി. പി. എം. സാഹിർ:
„ പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ എഞ്ചിനീയറിംഗ് കോളേജുകളിൽ ഈ അദ്ധ്യയന വർഷം സിവിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ലക്ചറർമാരുടെ എത്ര ഒഴിവുകൾ പി.എസ്.സി. വഴി നികത്തി;

(ബി) പി.എസ്.സി.-യിൽ നിന്നും ലഭിക്കുന്ന അഡ്വൈസ് മെമ്മോയുടെ സീനിയോറിറ്റി അനുസരിച്ചാണോ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നത്;

(സി) ഇക്കാര്യത്തിൽ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(ഡി) മാനദണ്ഡങ്ങൾ ലംഘിച്ച് നിയമനം നടത്തിയിട്ടുണ്ടോ എന്ന് അന്വേഷിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 8 ഒഴിവുകൾ.

(ബി) അഡ്വൈസ് മെമ്മോയുടെ സീനിയോറിറ്റി അനുസരിച്ചാണ് ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നത്. എങ്കിലും നേറ്റിവിറ്റി കൂടി പരിഗണിച്ചാണ് ഏത് സ്ഥാപനത്തിൽ നിയമിക്കണമെന്ന് തീരുമാനിക്കാറുള്ളത്.

(സി) അഡ്വൈസ് മെമ്മോയുടെ സീനിയോറിറ്റിയും നേറ്റിവിറ്റിയുമാണ് ഇക്കാര്യത്തിൽ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ.

(ഡി) മാനദണ്ഡങ്ങൾ ലംഘിച്ച് നിയമനം നടത്തിയിട്ടില്ല.

പോളിടെക്നിക്കുകളിൽ കൂടുതൽ കോഴ്സുകൾ അനുവദിക്കുന്നതിന് നടപടി

136 [5118] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള പോളിടെക്നിക്കുകളുടെ വികസനത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പോളിടെക്നിക്കുകളിൽ കൂടുതൽ കോഴ്സുകൾ അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(സി) പോളിടെക്നിക്കുകളിൽ ഹ്രസ്വകാല തൊഴിലധിഷ്ഠിത കോഴ്സുകൾ തുടങ്ങുന്നതിന് സർക്കാർ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ഡി) തൃശ്ശൂർ ജില്ലയിൽ, നെടുപുഴ ഗവൺമെന്റ് വനിതാ പോളിടെക്നിക്കിൽ കൂടുതൽ കോഴ്സുകൾ അനുവദിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഏതൊക്കെ കോഴ്സുകൾ ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(എഫ്) കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രോഗ്രാമുമായി ബന്ധപ്പെട്ട് വികസന പദ്ധതികൾ വനിതാ പോളിടെക്നിക്കിൽ നടപ്പിലാക്കുന്നുണ്ടോ;

(ജി) പ്രാദേശികമായി പ്രവർത്തിക്കുന്ന 'കുടുംബ ശ്രീ' യൂണിറ്റുകളിലെ വനിതകൾക്ക് തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ വനിതാ പോളിടെക്നിക്കിൽ നടത്തുന്നതിന് അനുമതി നൽകുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള പോളിടെക്നിക്കുകളുടെ വികസനത്തിനായി പ്രത്യേകമായ പദ്ധതികൾ ഒന്നുംതന്നെയില്ല. പോളിടെക്നിക്ക് പരീക്ഷാ വിഭാഗത്തെ പുതിയ കെട്ടിടത്തിലേക്ക് മാറ്റിക്കൊണ്ട് കമ്പ്യൂട്ടറൈസേഷൻ നടപടികൾ ത്വരിതപ്പെടുത്തുന്നുണ്ട്.

(ബി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള ചില പോളിടെക്നിക്കുകളിൽ കൂടുതൽ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷകൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ വേണ്ട നടപടികൾ കൈക്കൊണ്ടുവരുന്നു.

(സി) പോളിടെക്നിക്കുകളിൽ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ, കമ്മ്യൂണിറ്റി പോളിടെക്നിക്ക്, ട്രൈസം എന്നീ പദ്ധതികളുടെ കീഴിൽ ഹ്രസ്വകാല തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തിവരുന്നുണ്ട്.

(ഡി) ഉണ്ട്.

(ഇ) കമ്പ്യൂട്ടർ എഞ്ചിനീയറിംഗ്.

(എഫ്) കമ്മ്യൂണിറ്റി പോളിടെക്നിക്ക് സ്കീം വനിതാ പോളിടെക്നിക്കുകളിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ജി) നിലവിൽ ഒരു നിർദ്ദേശവുമില്ല.

ടെക്നിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിന് കീഴിലുള്ള സ്ഥാപനങ്ങൾ

137 [1'5119] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെക്നിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിന് കീഴിൽ എത്ര സ്ഥാപനങ്ങൾ ഉണ്ടെന്നും അതേതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി ഏതെല്ലാം സ്ഥാപനങ്ങളാണ് ആരംഭിച്ചത്?

LIBRARY ARCHIVES Kerala Legislative Assembly